അടിയന്തിരം

കേരള സർക്കാർ

നം.28778/പി.എസ്2/2011/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ(പി.എസ്) വകുപ്പ്,
തിരുവനന്തപുരം, തീയതി: 22.7.2011

OFFICE OF THE CHIEF ENGINEER
25 JUL 2011

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം,
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രൊജക്ട് ഡയറക്ടർ, കേരള സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രൊജക്ട്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ് വിംഗ്) വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – 'മന്ത്രിസഭയുടെ ആദ്യത്തെ നൂറു ദിവസങ്ങൾക്കുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, സ്കീമുകൾ അവലോകന യോഗം – നടപടിക്കുറിപ്പ് അയക്കുന്നത്-സംബന്ധിച്ച്.

സർക്കാരിന്റെ 100 ദിന പരിപാടികൾ സംബന്ധിച്ച് 20.7.2011 ന് നടന്ന അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്, അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
എം.ഷീല,
ഡെപ്യൂട്ടി സെക്രട്ടറി,
സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

## സർക്കാരിന്റെ നൂറുദിന പരിപാടികൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ /സ്കീമുകളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 20.7.2011 ന് വൈകിട്ട് 3 മണിയ്ക്ക് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

അവലോകനയോഗത്തിൽ വകുപ്പിലെ അണ്ടർ സെക്രട്ടറി മുതൽ മുകളിലുള്ള ഉദ്യോഗസ്ഥരും, കുടുംബശ്രീ ഒഴികെയുള്ള വിവിധ വകുപ്പുതല ഉദ്യോഗസ്ഥരും പങ്കെടുത്തു. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വകുപ്പിൽ നടത്തിവരുന്ന താഴെപറയുന്ന വിവിധ പദ്ധതികൾ / സ്കീമുകളുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ രണ്ടാഴ്ചയിലൊരിക്കൽ ചീഫ് സെക്രട്ടറിതലത്തിൽ അവലോകനം നടത്തുന്നതിനാൽ എല്ലാ മാസവും 15, 30 തീയതികളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് പൊതുഭരണ സെക്രട്ടറിയ്ക്ക് നൽകേണ്ടതുണ്ടെന്നും അതിനായി റിപ്പോർട്ട് എല്ലാ വകുപ്പു തലവൻമാരും സെക്ഷനുകളും എല്ലാ മാസവും 10, 5 തീയതികളിൽ നിശ്ചിത പ്രൊഫോർമയിൽ പാർലമെന്റ് വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണെന്നും സെക്രട്ടറി നിർദ്ദേശിച്ചു.

1. സ്വത്തുവിവരം വെബ്സൈററിൽ പ്രസിദ്ധീകരിക്കുക.

(നടപടി : വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിമാരും അതിനു മുകളിലുള്ള ഉദ്യോഗസ്ഥരും വിശദാംശം ജി.എ.ഡിയ്ക്ക് നൽകിയതിന് പുറമേ വകുപ്പ് തലവന്മാർ നേരിട്ട് പൊതുഭരണ വകുപ്പിന് നൽകണമെന്ന ഇതിനോടകം പൊതുഭരണ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് നടപടി സ്വീകരിക്കാത്തവർ ഉടനെ അപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിച്ചു.

2. സർക്കാർ ഉത്തരവുകൾ വെബ്സൈററിൽ പ്രസിദ്ധീകരിക്കുക..

.(നടപടി : വകുപ്പിലെ വിവിധ സെക്ഷനുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും ഐ.കെ.എം മുഖേന വകുപ്പിന്റെ വെബ്സൈററിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.).

3. എല്ലാ സർക്കാർ കരാറുകളും എഗ്രിമെന്റുകളും ടെണ്ടറുകളും വെബ്സൈററിൽ പ്രസിദ്ധീകരിക്കുക.

(നടപടി : ടെണ്ടർ നടപടികളും കരാറുകളും വകുപ്പിന്റെ വെബ്സൈററിൽ ഐ.കെ.എം മുഖേന പ്രസിദ്ധീകരിക്കേണ്ടതാണ്. ഇ-ടെണ്ടറിംഗ് നടപടി ആരംഭിക്കേണ്ടതാണ്. വകുപ്പ് തലവന്മാർ അതത് വകുപ്പിലെ വെബ്സൈററിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

4. പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക

(നടപടി: ഇക്കാര്യത്തിൽ വകുപ്പ് തലവന്മാർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസിദ്ധീകരിച്ചിട്ടുള്ളവ യഥാസമയം അപ്ഡേററ് ചെയ്യേണ്ടതാണ്.)

5. ടെണ്ടർ/ പ്രൊക്യൂർമെന്റ്/ പർച്ചേയ്സ നടപടികൾക്ക് ചീഫ് വിജിലൻസ് കമ്മീഷന്റെ മാർഗ്ഗരേഖ നടപ്പിലാക്കുക

(നിലവിലെ സ്ഥിതി വിലയിരുത്തി ഇക്കാര്യത്തിൽ സ്റ്റോർ പർച്ചേസ് വകുപ്പ് സ്വീകരിക്കുന്ന നടപടി കൂടി ശ്രദ്ധിക്കുവാൻ തീരുമാനിച്ചു.

(നടപടി ഡി.സി വകുപ്പ്)

6. സാമൂഹിക സാമ്പത്തിക പരിശോധനയ്ക്കു ( Financial & Social Pre Audit) സംവിധാനം ഒരുക്കുക.

( നടപടി ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിൽ നിന്നും 8.7.2011 ലെ ജി.ഒ.1637/11/ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.)

7. ത്രിതല പഞ്ചായത്തുകളിൽ വികസന പരിപാടികളിൽ target & goal setting exercise നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുക

(നടപടി : അഡീഷണൽ ഡയറക്ടർ പഞ്ചായത്ത്, പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി എന്നിവർ ബഡ്ജററിംഗ്, പ്ലാനിംഗ് എന്നിവ, സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

...3

8. കേന്ദ്ര സർക്കാരിന്റെ ദേശീയ ഇ-ഗവേണൻസ് പദ്ധതിയിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക

ഇക്കാര്യത്തിൽ റിപ്പോർട്ട് ഐ.കെ.എം. നൽകേണ്ടതാണ്

9. കേന്ദ്ര കാബിനറ്റ് സെക്രട്ടേറിയററിന്റെ പി.ആർ.ഇ.എസ് നടപ്പാക്കൽ.

(നടപടി : വകുപ്പിൽ പെർഫോമൻസ് ഇവാല്യൂവേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇക്കാര്യത്തിൽ തുടർ നടപടി ഉണ്ടാകണം

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിക്കാൻ രാജിവെച്ച അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർനിയമനം ഭാവിയിൽ മത്സരിക്കുന്നതിന് ജോലി രാജിവെക്കേണ്ടതില്ല. വിജയിച്ചവർക്ക് കാലാവധി കഴിഞ്ഞ് അവരുടെ ജോലിയിൽ പ്രവേശിക്കാൻ അവസരം.

ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി വിശദീകരിച്ചു.

11. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇ.-മസ്റ്റർ റോൾ സുതാര്യത.

(നടപടി : ഗ്രാമ വികസന വകുപ്പിൽ നിന്നും പ്രത്യേക നിർദ്ദേശം സമർപ്പിക്കേണ്ടതാണ്)

12. മാലിന്യ വിമുക്ത കേരളം

(നടപടി : ശുചിത്വ മിഷൻ നടപ്പിലാക്കേണ്ടതാണ്)

13. വികസന അതോറിററി.

(നടപടി . 5 കോടി രൂപ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചീഫ് ടൗൺപ്ലാനർ പ്രത്യേക നിർദ്ദേശം സമർപ്പിക്കേണ്ടതാണ്)

14. പി.എസ്.സി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്..

(നടപടി : എല്ലാ വകുപ്പ് തലവന്മാരും റിപ്പോർട്ട് പൊതുഭരണ വകുപ്പിന് നൽകേണ്ടതാണ്.)

15. <u>ഫയൽ തീർപ്പാക്കൽ</u>

(നടപടി എല്ലാ സെക്ഷനുകളും വകുപ്പദ്ധ്യക്ഷന്മാരും)

വിവിധ സെക്ഷനുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ വകുപ്പ് തലവന്മാരുടെ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കേണ്ടതായ ഫയലുകളുടെ വിശദമായ ലിസ്റ്റ് 3 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്ക് നൽകേണ്ടതാണ്. തുടർന്ന് വകുപ്പ് തലവന്മാർ ഇത് സംബന്ധിച്ച റിപ്പോർട്ട് പത്ത് ദിവസത്തിനകം ബന്ധപ്പെട്ട സെക്ഷനുകളിൽ ലഭ്യമാക്കേണ്ടതാണ്. ആഗസ്റ്റ് 11 ാം തിയതി തീർപ്പാക്കൽ അദാലത്ത് നടത്തുവാൻ തക്കവണ്ണം നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

യോഗം 4 മണിയ്ക്ക് സമാപിച്ചു.

22/7/011

## 10. File Disposal Drive

| Name of Department | | | | | |
|---|---|---|---|---|---|
| No.of old pending files | | | | No.of disposal in each category during the period under review. | % of disposal in each category |
| Between 6 months and 1 year | Between 1 year and 2 year | Above 2 years | Above 4 years | | |
| | | | | | |

# 100 Days Programme

Name of Office:

Details of Contracts entered in the fortnight from ........... To .........

| Sl No | Name of Work | Amount of Estimate | Contract PAC | Name of Contractor/Convenor | Period of Contract | Agreement No. and Date |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |
| 10 | | | | | | |
| 11 | | | | | | |
| 12 | | | | | | |